# C.S.I. PARISH, SHARJAH

## ഇടവക ദൂതൻ




**August 2018**

Private Circulation Only





**മഹായിടവകദിനം**
**ആഘോഷങ്ങൾ**
**കോട്ടയം**
**ജൂലൈ 25, 2018**










# ഇടവകദൂതൻ

CSI PARISH, SHARJAH | AUGUST 2018 | Rev. Varughese Mathew - Vicar

## അകത്താളുകളിലൂടെ.......


| | |
|---|---|
| 4 | ഇടവകപ്പട്ടക്കാരന്റെ കത്ത് |
| 5 | Almanac - August 2018 |
| 6 | New Church Membership Details |
| 7 | അറിയിപ്പുകൾ |
| 8 | സഭയുടെ വ്യത്യസ്തമായ സേവന പന്ഥാവുകളിലൂടെ:- (Bethel Ashram Varikad) |
| 11 | മിഷൻ വയലുകളിലൂടെ ഒരു യാത്ര:- Shalom Mumbai Mission |
| 14 | പാട്ടിന്റെ വഴികളിലൂടെ:- R S Vijayaraj |
| 16 | മധുരമെൻ മലയാളം:- ബാലചന്ദ്രൻ ചുള്ളിക്കാട് |
| 17 | കുട്ടികളുടെ പംക്തി:- ദൈവവചനം എന്ന ആയുധം |
| 19 | Bible Crossword & Solution |
| 20 | കുട്ടികളുടെ പംക്തി:- Drawing |
| 21 | James Hudson Taylor :- Article – Leah Elizebeth Alex |
| 23 | Teen's Corner :- Everybody, Somebody, Nobody & Anybody |
| 24 | യു.എ.ഇ വാർത്തകൾ:- പൊതുമാപ്പ് |
| 28 | ആരോഗ്യം - പഴങ്കഞ്ഞി അത്ര മോശമല്ല |
| 30 | Prayer Requests & Church Notice |
| 31 | Church News and information's |
| 32 | Birthday:- August 2018 |
| 36 | Wedding Anniversary :- August 2018 |
| 37 | Organisations & Activities :- Contact Details |
| 38 | Readers & Sidesmen List:- August |


"Go therefore
and make disciples
of all nations....
and remember, I am
with you always,
to the end of the age."





**Parish Committee**

Vice President - Mr. Ebby Abraham
Church Wardens - Mr. Varghese Thottathil,
- Mr. Priju John

Secretary - Mr. Aby Jacob Thazhikayil
Treasurer - Mr. Vinod Marcus
Jnt. Secretary - Mr. Jilesh Cheriyan
Jnt. Treasurer - Mr. Jilow J R
Internal Auditor - Mrs. Sonia Derrick
Committee Members - Mrs. Teeja Pribu
- Mr. Sunil George
- Mr. George P Varghese
- Mr. Moncy Cherian

**C.S.I. PARISH - SHARJAH**
**(DIOCESE OF MADHYA KERALA)**
**P.O. BOX 25570, SHARJAH, U.A.E.,**
**Phone: 06-5661088, Mobile: 050 3651367**
**Email: shjcsi@gmail.com, Website: www.csishj.org,**

## ഇടവകവികാരിയുടെ കത്ത്......




**കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം,**

വൈവിദ്ധ്യങ്ങൾ എല്ലായ്പ്പോഴും നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നതിനു വേഗം പകരുന്നതാണ്. നാം ജീവിക്കുന്ന ലോകം മതബഹുലതകൾ കൊണ്ട് സമ്പന്നമാണ്. ഇവയുടെ മദ്ധ്യത്തിൽ വ്യക്തിത്വം നിലനിർത്തുവാൻ നാം ക്രിയാത്മകതയ്ക്ക് പ്രാധ്യാന്യം നൽകുമ്പോൾ മാത്രമേ സാധിക്കുകയുള്ളൂ.

ബഹുലതകളുടെ മദ്ധ്യത്തിൽ വിളിയും തെരെഞ്ഞെടുപ്പും വളരെ പ്രാധാന്യം അർഹിക്കുന്നു. നമുക്ക് ലഭിച്ച വിളിയോട് നമുക്കുള്ള പ്രതികരണമാണ് നമ്മുടെ ക്രീയാത്മക ജീവിതത്തിന്റെ അടിസ്ഥാനപ്രമാണം.

ദൈവം നമ്മെ വിളിക്കുന്നതിന്റെ മാനദണ്ഡം ഒരിക്കലും നമ്മുടെ യോഗ്യതയല്ല എന്നത് ശ്രദ്ധേയമാണ്. എന്നാൽ എത്രമാത്രം നമ്മെ രൂപപ്പെടുത്തുവാൻ സാധിക്കുമോ എന്ന് ദൈവം ശ്രമിച്ചുകൊണ്ടിരിക്കും. യേശുവിന്റെ ശിഷ്യന്മാരുടെ കാര്യം നാം ശ്രദ്ധിച്ചാൽ ഇത് വ്യക്തമായി മനസ്സിലാക്കുവാൻ സാധിക്കും. വിളിക്കപ്പെട്ടവർ തിരെഞ്ഞെടുക്കപ്പെടുന്നത് ചുരുക്കമാണ് എന്നും, വിളിക്കപ്പെട്ടവർ അനേകരാണ് എന്നും വിശുദ്ധ തിരുവെഴുത്ത് നമ്മെ ഓർമ്മിപ്പിക്കുന്നു.

ഈ മാസം 15-ാം തീയതി ഭാരതം ഒരു സ്വാതന്ത്ര്യദിനം കൂടി ആഘോഷിക്കുവാൻ ഒരുങ്ങുകയാണ്. നമ്മുടെ സ്വന്തം നാട്ടിൽ നാം എത്രമാത്രം സ്വാതന്ത്ര്യം അനുഭവിക്കുന്നുണ്ട് എന്ന ചിന്ത നമ്മെ ഇക്കാലയളവിൽ ഭരിക്കുന്നത് നന്നായിരിക്കും. രാഷ്ട്രീയമായും, മതപരമായും അസഹിഷ്ണത എന്തുകൊണ്ടോ ഈ കാലത്ത് വർദ്ധിച്ചുവരുന്നു എന്നത് ദുഖകരമാണ്. തന്മൂലം ഇരകളായിത്തീരുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നു. സ്വാതന്ത്ര്യത്തിന്റെ അളവുകോൽ കടമകളിലും, കടപ്പാടുകളിലും ബന്ധിതമാകുമ്പോൾ മാത്രമേ സ്വാതന്ത്ര്യം അർത്ഥപൂർണ്ണമാകുകയുള്ളൂ എന്ന തിരിച്ചറിവ് നമ്മിൽ ഉടലെടുക്കേണ്ടത് വളർത്തിയെടുക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. നാനാത്വത്തിൽ ഏകത്വം നിലനില്ക്കുന്ന നമ്മുടെ രാജ്യത്ത് സഹിഷ്ണതയിലൂടെ വർത്തിക്കുവാൻ ദൈവം എല്ലാവരേയും സഹായിക്കട്ടെ.



പ്രാർത്ഥനാപൂർവ്വം

വറുഗീസ് മാത്യു അച്ചൻ



# ALMANAC




| | | | |
|---|---|---|---|
| **3.08.2018**<br>**Friday (വെള്ളി)** | **Ministry of the Laity**<br>**പെന്തക്കോസ്തിനു പിമ്പ് 11-ാം വെള്ളി**<br>**അത്മായരുടെ ശുശ്രൂഷ** | | |
| 1 ശമുവേൽ<br>1 Samuel 25:14-28 | സങ്കീർത്തനങ്ങൾ<br>Psalm 23 | 1 തെസ്സ:<br>1 Thess.: 4 : 1 - 12 | വി. ലൂക്കോസ്<br>St. Luke 10: 25- 37 |
| **05.08.2018**<br>**Sunday (ഞായർ)** | **Ministry of the Laity** | | |
| 1 ശമുവേൽ<br>1 Samuel 25:14-28 | സങ്കീർത്തനങ്ങൾ<br>Psalm 34 | 1 തെസ്സ.:<br>1 Thessa: 5 : 12 - 22 | വി. ലൂക്കോസ്<br>St. Luke 10: 25- 37 |
| **10.08.2018**<br>**Friday (വെള്ളി)** | **Baptism: Dying and Rising up with Christ**<br>**പെന്തക്കോസ്തിനു പിമ്പ് 12-ാം വെള്ളി**<br>**സ്നാനം: ക്രിസ്തുവിനോടു കൂടെ മരണവും ഉയിർപ്പും** | | |
| ഉൽപ്പത്തി<br>Genesis 7:11-24 | സങ്കീർത്തനങ്ങൾ<br>Psalm 29 | റോമർ<br>Romans: 6: 1 - 14 | വി. യോഹന്നാൻ<br>St. John 12: 20 – 26 |
| **15.08.2018**<br>**Wednesday (ബുധൻ)** | **Independence Day**<br>**ഇൻഡ്യൻ സ്വാതന്ത്ര്യദിനം** | | |
| **17.08.2018**<br>**Friday (വെള്ളി)** | **Sacrament of Holy Communion - പെന്തക്കോസ്തിനു പിമ്പ് 13-ാം വെള്ളി**<br>**കർത്താവിന്റെ അത്താഴമെന്ന കൂദാശ** | | |
| 2 രാജാക്കന്മാർ<br>2 Kings 4 : 42 - 44 | സങ്കീർത്തനങ്ങൾ<br>Psalm 100 | 1 കൊരിന്ത്യർ<br>1Corinthians: 11: 23-30 | വി. യോഹന്നാൻ<br>St. John 6 : 15 – 59 |
| **24.08.2018**<br>**Friday (വെള്ളി)** | ***Plurality*: *Common Humanity and Faith Sharing***<br>**മതവൈവിധ്യം: പൊതുമാനവികതയും വിശ്വാസത്തിന്റെ പങ്കിടീലും** | | |
| യോന<br>Jonah 4 : 1 - 11 | സങ്കീർത്തനങ്ങൾ<br>Psalm 82 | അപ്പൊ: പ്രവർത്തികൾ<br>Acts : 8 : 26 - 40 | വി. മത്തായി<br>St. Matthew 22 :1 – 14 |
| **31.08.2018**<br>**Friday (വെള്ളി)** | ***Music from worship : Affirmation of witness* - ഗായകസംഘ വെള്ളി**<br>**ആരാധനയിൽ നിന്നും സംഗീതം : സാക്ഷികളുടെ പ്രഖ്യാപനം** | | |
| യെശയ്യാവ്<br>Isaiah 6 : 1 - 6 | സങ്കീർത്തനങ്ങൾ<br>Psalm 116 : 5 - 17 | വെളിപ്പാട്<br>Revelation: 7 : 9 - 16 | വി. ലൂക്കോസ്<br>St. Luke 1 : 68 – 80 |
| **02.09.2018**<br>**Sunday (ഞായർ)** | ***Music from worship : affirmation of witness* - ഗായകസംഘ ഞായർ**<br>**ആരാധനയിൽ നിന്നും സംഗീതം : സാക്ഷികളുടെ പ്രഖ്യാപനം** | | |
| യെശയ്യാവ്<br>Isaiah 6 : 1 - 6 | സങ്കീർത്തനങ്ങൾ<br>Psalm 116 : 5 - 17 | വെളിപ്പാട്<br>Revelation: 7 : 9 - 16 | വി. ലൂക്കോസ്<br>St. Luke 1 : 68 – 80 |
| **07.09.2018**<br>**Friday (വെള്ളി)** | **Education Friday : Teacher's Day**<br>**വിദ്യാഭ്യാസ വെള്ളി** | | |
| സദൃശ്യവാക്യങ്ങൾ<br>Proverbs 4 : 1 - 19 | സങ്കീർത്തനങ്ങൾ<br>Psalm 141 | അപ്പോ: പ്രവർത്തികൾ<br>Acts : 22 : 1 - 5 | വി. ലൂക്കോസ്<br>St. Luke 4 : 31 – 44 |

# NEW CHURCH MEMBERSHIP

We encourage those who attend our service to become full-fledged members. As per the amended constitution of the Parish, eligibility, procedure and documents required for obtaining new church membership is as follows:

Eligibility: Eligibility for membership shall be limited to those :

1) Who are baptized in the Church of South India, or any other Churches in communion with CSI.

2) Who have valid UAE residence visa at the time of application.

3) Who are not disqualified or ex-communicated by any of the Dioceses of the CSI or any other Churches in communion with CSI, or who are not members of any other religious worshiping groups.

4) Who have duly completed and applied on the prescribed membership form with the names of the spouse, children & dependant parents if any,

5) A communicant member of a church in communion with CSI having no congregation of its own locally may become a member provided the applicant is not a member of any other local church and satisfies all the above clauses for eligibility.

6) For a new membership, the applicant shall not be a member of any of the CSI Parishes in the UAE.

## Documents Required:

1) Duly filled in application form
2) Recent passport size photograph
3) Passport copy including valid resident visa page
4) A no objection letter from Vicar of home parish if the applicant doesn't have membership in any other CSI Parish in the UAE.
5) If the applicant has membership in any other CSI Parish in the UAE, a no objection cum membership cancellation certificate from the Vicar is needed.
6) If applicant does not submit a no objection certificate, upon receipt of the application, the Vicar shall arrange to send a verification cum No Objection form to the applicant's home Parish with a copy to the applicant. The applicant shall make necessary follow up to get the above certificate within a period of 3 months for finalizing the membership application.

# Approval:-




1) If the Parish Committe, after checking the application and documents gives approval for membership, the Vicar in co-ordination with the treasurer shall inform the applicant to pay a minimum of three months promised subscription within 3 months of the date of approval. Otherwise the application shall be considered null and void.

2) The name of applicant who has paid subscription within the specified period of time and that of their dependant family members residing in the UAE, shall be entered in the church register and their membership will start from that date.

3) The decision of the Parish Committee shall be final in the matter of admission to membership.

Kindly contact Vice President Mr. Ebby Abraham (Mob .: 050 6539734) for further details on new membership.

CHARITY BOX
For those of you who wish to extend support to the poor and needy, we have a charity box placed at the rear, near main entrance door.

PARISH CONSTITUTION
As per decision of Annual General Body meeting, our Parish Constitution is available from Treasurer on payment of Dhs.5/-.

## സി.എസ്.ഐ മദ്ധ്യകേരള മഹായിടവക
## 139-ാമത് മഹായിടവകദിന സംഗമം

കേരളത്തിലെ ക്രൈസ്തവസഭകൾക്ക് ഒരു നവദർശനവും പ്രവർത്തന ശൈലിയും മാതൃകയായി നൽകിയ മിഷനറി പാരമ്പര്യത്തിലൂന്നിയ മദ്ധ്യകേരള മഹായിടവക രൂപീകൃതമായിട്ടു 139 വർഷം പൂർത്തീകരിക്കപ്പെട്ടു. ക്രിസ്തു ശിഷ്യത്വത്തിന്റെ ആനുകാലിക ദൗത്യ അന്വേഷണത്തിലൂടെയാണ് നാം 140-ാം വർഷത്തിലേക്ക് പ്രവേശിക്കുന്നത്. 2018 ജൂലൈ മാസം 25 ബുധനാഴ്ച സി.എസ്.ഐ മദ്ധ്യകേരള മഹായിടവക ദിനം ആയി കോട്ടയത്ത് അഘോഷിക്കപ്പെട്ടു. അന്നേദിവസം സെമിനാറുകളും, പൊതുസമ്മേളനവും നടത്തപ്പെട്ടു. കൂടാതെ ഉന്നതവിജയം കൈവരിച്ച വിദ്യാർത്ഥികളെ ആദരിക്കുകയും, നോർട്ടൺ വൈദീക ഭവനവും, അത്യാധുനിക ഓഫീസ് സമുച്ചയവും മദ്ധ്യകേരള മഹായിടവകയ്ക്കായി സമർപ്പിക്കപ്പെടുകയും ചെയ്തു. ജ്ഞാനകീർത്തനം (നൊട്ടേഷൻ എഡിഷൻ) അന്നേദിവസം അഭിവന്ദ്യ തിരുമേനി പ്രകാശനം ചെയ്തു. സി.എസ്.ഐ മോഡറേറ്ററും മദ്ധ്യകേരള മഹായിടവക ബിഷപ്പുമായ മോസ്റ്റ് റവ. തോമസ് കെ ഉമ്മൻ തിരുമേനി ചടങ്ങുകൾക്ക് നേതൃത്വം വഹിച്ചു.








# സഭയുടെ വ്യത്യസ്തമായ സേവന പന്ഥാവുകളിലൂടെ

20–ാം നൂറ്റാണ്ടിൽ ആരംഭിച്ച ക്രൈസ്തവാശ്രമ പ്രസ്ഥാനത്തിന്റെ ഭാഗമായാണ് വാരിക്കാട് ബെഥേൽ ആശ്രമം രൂപമെടുത്തത്. Sr. Edith Neve ഉം, Rachel Joseph ഉം, 1922 ൽ തുടക്കം കുറിച്ച ആശ്രമ പ്രസ്ഥാനം അതിന്റെ 96 വർഷത്തിലൂടെ പ്രയാണം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇവർ രണ്ടുപേരുടേയും പ്രവർത്തനം 1922 ജനുവരി 12–ാം തീയതി ആലപ്പുഴയിലാണ് ആരംഭിച്ചത്. പിന്നീട് ചെങ്ങന്നൂരിലും, ചേലക്കൊമ്പിലും പ്രവർത്തിച്ചതിനു ശേഷം തിരുവല്ലയിലുള്ള വാരിക്കാട്ട് 1924ൽ എത്തിച്ചേർന്നു. ആദ്യത്തെ ബിൽഡിംഗ് 1926 ൽ പൂർത്തീകരിച്ചു പ്രതിഷ്ഠിച്ചു.

സ്ത്രീ വിദ്യാഭ്യാസത്തിനും, സ്ത്രീ ശാക്തീകരണത്തിനും മുൻതൂക്കം കൊടുത്തുകൊണ്ടുള്ള പ്രവർത്തനം ആയിരുന്നു ഇത്. 1926 ൽ ഏതാനും പെൺകുട്ടികളുമായി Bethel Community UP School ആരംഭിച്ചു. അതോടൊപ്പം ബോർഡിംഗും ആരംഭിച്ചു. അശരണരായ അമ്മമാരും പെൺകുട്ടികളും ബെഥേലിൽ അഭയത്തിനായി എത്തി. അധികം താമസിയാതെ ബൈബിൾ ക്ലാസ്സ് ആരംഭിച്ചു. പിന്നീടുള്ള വർഷങ്ങൾ ഒരോ പുതിയ സെക്ഷനും ആരംഭിച്ചു. ഇപ്പോൾ 4 കോമ്പൗണ്ടുകളിലായി ഏകദേശം 18 ഏക്കർ സ്ഥലത്താണ് ഇതിന്റെ പ്രവർത്തനം. ആശ്രമത്തിന്റെ കേന്ദ്രഭാഗമാണ് ആശ്രമ ചാപ്പൽ. വിശുദ്ധ മഗ്ദലന മറിയത്തിന്റെ നാളിൽ സ്ഥാപിക്കപ്പെട്ട ചാപ്പലിന്റെ പ്രതിഷ്ഠാദിനം ജൂലൈ മാസം 22നു ആണ്. എല്ലാവർഷവും ***ഡിസംബർ 2–ാം ശനിയാഴ്ച ബെഥേൽ ഡേ*** ആയി ആചരിക്കപ്പെടുന്നു.

ആശ്രമത്തിലെ സ്ഥിര അംഗങ്ങളും, ദൈവവേലയ്ക്കായി തങ്ങളെത്തന്നെ പ്രതിഷ്ഠിച്ചിരിക്കുന്നതുമായ 22 അംഗങ്ങൾ ഉണ്ട്. അതിൽ 15 പേർ സിസ്റ്റേഴ്സ് ആണ്. 22 പേരിൽ 16 പേർ മദർഹൗസിലും, 2 പേർ പറക്കാൽ & ഗാന്ധിനഗറിലും (സിസ്റ്റർ സാറാമ്മ ജോൺ & സിസ്റ്റർ അന്നാ ജോൺ), 2 പേർ തിരുവനന്തപുരം സിഹോറാ മിഷൻ ഹോസ്റ്റലിലും (സിസ്റ്റർ ഗ്രേസി ഫിലിപ്പ് & സിസ്റ്റർ എം.എം റേച്ചൽ) 2 പേർ ബാംഗ്ലൂർ (സിസ്റ്റർ അന്നമ്മ മാത്യു & സിസ്റ്റർ ജെസ്സീറ പി ജോസഫ്) ലും പ്രവർത്തിക്കുന്നു.

ആശ്രമത്തിൽ 7 കോട്ടേജുകൾ ഉണ്ട്

(1) Home of Peace
(2) Bethsheda Old Age Home
(3) Shiloha-അദ്ധ്യാപികമാർ താമസിക്കുന്ന ഇടം
(4) Love Cottage & Santhy Boarding Home
(5) Nazreth Working Women's Hostel
(6) Joy Cottage – ആശ്രമത്തിൽ ശുശ്രൂഷ ചെയ്ത് വിശ്രമജീവിതം നയിക്കുന്നവർ
(7) കരുണാലയം-തയ്യൽ പരിശീലന കേന്ദ്രം, എന്നിവയാണവ.

Bethel Community U P School അതിന്റെ **90**-ാമത്തെ വർഷത്തിലൂടെ പ്രവർത്തിക്കുന്ന സ്ഥാപകരുടെ ഓർമ്മയ്ക്കായി Sr. Edith Neve **&** Sr. Rachel Joseph English Medium School, **2014** ൽ ആരംഭിച്ചു. Std. V വരെ അത് വളർന്നിട്ടുണ്ട്. **2** സ്കൂളുകളിലും കൂടി **235** കുട്ടികൾ പഠനം നടത്തുന്നു. **55** പെൺകുട്ടികൾ രണ്ടു ബോർഡിംഗുകളിലുമായി താമസിച്ചു പഠിക്കുന്നു. ഇതിൽ **5** പേർ കോളേജ് സ്റ്റുഡന്റ്സ് ആണ്. ആശ്രമചാപ്പലിൽ എല്ലാ ദിവസവും രാവിലേയും വൈകിട്ടും **6** മുതൽ **7** വരെ പ്രാർത്ഥനയും ആരാധനയും ഉണ്ട്. ബുധനാഴ്ച പ്രാർത്ഥനാദിനമായി ആചരിക്കുന്നു. വെള്ളിയാഴ്ചകളിൽ രാവിലെ **6:30** മുതൽ **8:00** മണിവരെ വിശുദ്ധ കുർബ്ബാനയും നടത്തപ്പെടുന്നു.



രണ്ടാം ശനിയാഴ്ച ദേശത്തിനു വേണ്ടിയുള്ള പ്രാർത്ഥന നടത്തുന്നു. എല്ലാ മാസത്തിലും ഒരു രാത്രിയിൽ **12** മണിവരെ പ്രാർത്ഥനയുണ്ട്. **'As seeing Him who is in invisible'** ഇതാണ് ആശ്രമത്തിന്റെ Motto.





Simplicity (ലളിതം), Sacrifice (ത്യാഗം), Sincerity (പരമാർത്ഥത) എന്നിവയാണ് Basic Principles. ആരോടും സഹായം അഭ്യർത്ഥിക്കാതെ പ്രാർത്ഥനയിൽ കൂടി മാത്രമാണ് ദൈവം ഞങ്ങളെ നടത്തുന്നത്. ഇതിന്റെ ഭരണം വർക്കിംഗ് കമ്മറ്റി ആണ് നടത്തുന്നത്. അതിൽ ബിഷപ്പ് നിയമിക്കുന്ന വിസിറ്റർ അച്ചനും മറ്റു 8 കമ്മ്യൂണിറ്റി അംഗങ്ങളും ഉണ്ടാകും. 5 വർഷത്തിലൊരിക്കൽ ആശ്രമത്തിന്റെ Motherനേയും , Assistant Motherനേയും Election ൽ കൂടി തിരെഞ്ഞെടുക്കുകയാണ്. ഇപ്പോഴത്തെ മദർ Sr. Santhamma Joseph ഉം, അസിസ്റ്റന്റ് മദർ Sr. P.J Annamma യും ആണ്. സുവിശേഷപ്രവർത്തനത്തിന്റെ ഭാഗമായി വിവിധ സഭകൾ, രോഗികൾ, ഭവനങ്ങൾ എന്നിവ സന്ദർശിക്കുന്നു.

ബോർഡിംഗിലെ കുട്ടികൾക്ക് സ്പോൺസർമ്മാർ നൽകുന്ന പണം അവരുടെ ചിലവിനായി ഉപയോഗിക്കുന്നു. എല്ലാ കുട്ടികൾക്കും സ്പോൺസേർസ് ഇല്ല. പുതിയ Candidates, Sisterhood ലേക്ക് വന്നാൽ മാത്രമേ ഭാവിയിൽ ആശ്രമത്തിന്റെ പ്രവർത്തനം മുമ്പോട്ട് പോകുവാൻ സാധിക്കുകയുള്ളൂ. അതിനായി പ്രാർത്ഥിക്കുമല്ലോ.

**Sr. Santhammma Joseph**
**(Mother – Bethel Ashram)**



# MUMBAI SHALOM MISSION

## മിഷൻ വയലുകളിലൂടെ...

മിഷനറിമാരാൽ സ്ഥാപിതമായ നമ്മുടെ മഹായിടവക അതിന്റെ ദൗത്യനിർവ്വഹണത്തിന്റെ ഭാഗമായി ഭാരതത്തിലും വിദേശങ്ങളിലുമായി അനേക മിഷൻ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. നമ്മിൽ പലർക്കും അത്തരം പ്രവർത്തനങ്ങളെക്കുറിച്ച് വേണ്ടത്ര അവബോധം ഇല്ല. ഈ വയൽ പ്രദേശങ്ങളെക്കുറിച്ചും, അവിടുത്തെ പ്രവർത്തനങ്ങളെക്കുറിച്ചും വ്യക്തമായി മനസ്സിലാക്കുന്നതിനായി തുടങ്ങിയ ഒരു പംക്തി ആണ്...

## മിഷൻ വയലുകളിലൂടെ.....

ചരിത്രത്തിൽ ഇടം നേടിയ മദ്ധ്യകേരള മഹായിടവകയുടെ പ്രേക്ഷിത ദൗത്യം പുത്തൻ പന്ഥാവുകൾ കണ്ടെത്തുന്നതിൽ എന്നും നമ്മുടെ സഭയെ ദൈവം നയിച്ചുകൊണ്ടിരിക്കുന്നു. ഭാരതത്തിന്റെ ഗ്രാമങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന പ്രേക്ഷിത ദൗത്യപ്രവർത്തനങ്ങൾ പട്ടണങ്ങളിലേയ്ക്കും വ്യാപിച്ചതിന്റെ ഫലമാണ് ***ഷാലോം മുംബൈ മിഷൻ.*** വളരെ വിത്യസ്തമായ പ്രവർത്തന ശൈലിയിലൂടെ മുംബൈ പട്ടണത്തിലെ ചുവന്ന തെരുവുകളിൽ ലൈംഗിക ചൂഷണത്തിനു അടിമകളായിത്തീരുന്ന സ്ത്രീകളുടെ പുനരധിവാസ പ്രവർത്തനങ്ങൾ ഒരു പ്രവർത്തന മേഖല ആകുന്നു.

2014 ഒക്ടോബർ 24-ാം തീയതി പനവേലിൽ വെച്ച് നടത്തപ്പെട്ട 10-ാമത് North Indian Family & Youth Conference ൽ വെച്ച് പ്രശസ്ത ക്രിസ്തീയ - സാമൂഹിക പ്രവർത്തകനായ ശ്രീ ആൻസൺ തോമസിന്റെ ജീവിത സാക്ഷ്യത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് ആരംഭം കുറിച്ച ഈ ദൗത്യം, 2015 സെപ്റ്റംബർ മാസം 20-ാം തീയതി 80 വർഷത്തിലധികമായി ക്രിസ്തീയ വിശ്വാസ ആരാധന ജീവിതം നയിക്കുന്ന മുംബൈയിലെ സി.എസ്.ഐ സഭാ വിശ്വാസികളുടെ വാർഷിക ആരാധനയിൽ സി.എസ്.ഐ മോഡറേറ്റർ മോസ്റ്റ്. റവ. ഡോ തോമസ് കെ ഉമ്മൻ ഔദ്യോഗികമായി പരേൽ ദേവാലയത്തിൽ വെച്ച് ഉത്ഘാടന കർമ്മം നിർവ്വഹിച്ചു. നിർബന്ധിത വാണിജ്യ ലൈംഗിക ചൂഷണത്തിനു അടിമകളായ (Commercially and Sexually Exploited – CSEW) സ്ത്രീ സഹോദരങ്ങളുടെ പുനരധിവാസത്തിനു വേണ്ടി ആരംഭം കുറിച്ച ഈ പ്രവർത്തനം പ്രേക്ഷിത ദൗത്യപ്രവർത്തനത്തിന്റെ പുതിയ പ്രവർത്തനമേഖലകളേയും വെല്ലുവിളികളും നമുക്ക് പ്രധാനം ചെയ്യുന്നു.

ആധുനിക നൂറ്റാണ്ടിലും മനുഷ്യനെ അവന്റെ അനുവാദം ഇല്ലാതെ അവന്റെ / അവളുടെ ശരീരത്തെ മറ്റുള്ളവർ അവരുടെ ശരീരത്തിന്റെ സുഖത്തിനുവേണ്ടി ഒരു ഉപഭോഗവസ്തുവായി, ഒരു അടിമയായി കണ്ടുവരുന്ന ഏറ്റവും ദുഷിച്ച സംസ്കാരത്തെ എന്നും ദൈവീക കാഴ്ചപ്പാടിൽ എതിർക്കപ്പെടേണ്ടതും അവരെ നന്മകളാൽ വീണ്ടെടു

ക്കപ്പെടേണ്ടതുമാണ്. 76% ശതമാനം ഇരകളും അവരുടെ ദാരിദ്ര്യം നിറഞ്ഞ ജീവിതമാണ് ഇതിനു കാരണമായി തീരുന്നത്. 95% സ്ത്രീകൾ നിർബന്ധത്താലും, പീഢനത്താലും ഇങ്ങനെയുള്ള ജീവിതക്രമത്തിലേക്ക് എത്തിച്ചേർക്കപ്പെടുന്നതാണ്. ഇവരുടെ പുനരധിവാസം ഇന്ന് സമൂഹത്തിന്റെ ഏറ്റവും വലിയ വെല്ലുവിളിയും ആകുന്നു. സഭ ഏറ്റെടുത്തിരിക്കുന്ന ഈ വലിയ വെല്ലുവിളി വിവിധ തലങ്ങളിലൂടെയാണ് പ്രവർത്തിച്ചു വരുന്നത.





**ഗവണ്മെന്റ് റെസ്ക്യൂ സെന്റർ**

വ്യഭിചാരശാലകളിൽ അകപ്പെട്ടു പോയവരെ അവിടുന്ന് രക്ഷപ്പെടുത്തുന്ന പ്രവർത്തനങ്ങളിലും നമ്മൾ പങ്കാളികൾ ആകുന്നുണ്ട്. രക്ഷപ്പെടുന്ന പെൺകുട്ടികൾ 18 വയസ്സിൽ താഴെ ആണെങ്കിൽ അവരെ പ്രായപൂർത്തി ആകുന്നത് വരെ Minor Shelter Home കളിലും, പ്രായപൂർത്തി ആയവരാണെങ്കിൽ 21 ദിവസത്തേക്ക് Major Shelter Home കളിലേയ്ക്കും കോടതി അയക്കുന്നു. ചില പ്രത്യേക സന്ദർഭങ്ങളിൽ നമ്മുടെ പ്രവർത്തകർ പ്രത്യേക അനുവാദത്തിന്റെ അടിസ്ഥാനത്തിൽ അവിടെ കടന്ന് ചെന്നു അവരോട് അടുത്ത് ഇടപ്പെട്ട് പ്രത്യാശയുടെ ജീവിത സന്ദേശം പകർന്നു കൊടുക്കുന്നു. അതോടൊപ്പം സ്വയം തൊഴിൽ സംരഭങ്ങൾക്ക് അവിടെ ആരംഭം കുറിക്കുവാനായി സാധിച്ചു വരുന്നു.





**2.ജുവൈനൽ ഹോം:**

മുംബൈയിലെ പ്രധാനപ്പെട്ട 2 ഗവൺമെന്റ് ജുവൈനൽ ഹോമുകളിലായി ബന്ധപ്പെട്ടു പ്രവർത്തിച്ചു വരുന്ന അന്തേവാസികളായ ആൺ-പെൺ കുട്ടികളുമായി ദൈവസ്നേഹത്തെ വിവിധ ഇടപെടലുകളൊലൂടെ പങ്ക് വെയ്ക്കുന്നു. പ്രത്യേകിച്ച് CWC (Child Welfare Committee) യുടെ പ്രത്യേകമായ ബന്ധപ്പെടലുകളും നമുക്ക് ഉണ്ട്.

## 3. Reintegration

ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിലെ വ്യഭിചാരശാലകളിൽ നിന്നും രക്ഷപ്പെടുന്ന സ്ത്രീകളെ അവരുടെ സ്വന്തം ഭവനങ്ങളിൽ എത്തിച്ചേരുവാൻ ആവശ്യമായ നിയമപരമായ പ്രവർത്തനങ്ങളിൽ പങ്കാളികൾ ആകുന്നു.

## 3. Medical Help

ചുവന്നതെരുവുകളിലും മറ്റും രോഗാവസ്ഥയിൽ ആകുന്ന സ്ത്രീകളെ ആശുപത്രികളിൽ സന്ദർശിക്കുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും വൈദ്യസഹായം നല്കുകയും ചെയ്തു വരുന്നു.

**5. പുനരധിവാസ പ്രവർത്തനം**

സ്വന്തം ദേശവും, ഭവനവും, മാതപിതാക്കളേയും നഷ്ടപ്പെട്ട് തങ്ങളുടെ ജീവിതം വ്യഭിചാരശാലകളിൽ ഹോമിക്കപ്പെട്ട് പ്രതീക്ഷ നഷ്ടപ്പെട്ട സ്ത്രീ സഹോദരങ്ങളെ പുനരധിവസിപ്പിക്കേണ്ടത് നമ്മുടെ വലിയ ഉത്തരവാദിത്തം ആകുന്നു. അതിനു

വേണ്ടി പല പുനരധിവാസ കേന്ദ്ര ങ്ങളുമായി ചേർന്ന് പ്രവർത്തിച്ചുവരുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ശാന്തി നിവാസ് സെന്റർ ആണ്. നമ്മുടെ പൂർണ്ണമായ ഉത്തരവാദിത്തത്തിൽ ഇന്ന് 7 പെൺകുട്ടികളെ അവിടെ താമസിച്ച് വരുന്നു. അവരുടെ താമസം, ആഹാരം, വസ്ത്രം, ചികിത്സ, വിദ്യാഭ്യാസം എല്ലാം നമ്മുടെ പൂർണ്ണ ഉത്തരവാദിത്തം ആകുന്നു. അതിൽ വലിയ സാമ്പത്തിക ആവശ്യം ഉണ്ട്. ഇനിയും അവരുടെ അംഗസംഖ്യ വർദ്ധിപ്പിക്കേണ്ടതുണ്ട്.

## 6. Awareness Program

നമ്മുടെ ചുറ്റുപാടുകളിൽ ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്ന സാമൂഹിക പൈശാചിക പ്രവർത്തനങ്ങളെക്കുറിച്ച് എല്ലാവരേയും ഉദ്ബോധിപ്പിക്കുക എന്നതും നമ്മുടെ ഉത്തരവാദിത്തം ആകുന്നു.

**പ്രാർത്ഥനാ സഹായ വിഷയങ്ങൾ**

1. മുംബൈ പട്ടണത്തിൽ നടത്തപ്പെടുന്ന റസ്ക്യൂ പ്രവർത്തനങ്ങളിൽ നമ്മുടെ യുവാക്കൾ പങ്കെടുക്കുന്നു. രക്ഷപ്പെടുന്ന സ്ത്രീകൾക്ക് വസ്ത്രങ്ങളും പ്രാഥമിക ആവശ്യങ്ങൾക്ക് ആവശ്യമായ സാധനങ്ങൾ അടങ്ങിയ റെസ്ക്യൂ കിറ്റ് നല്കുന്നു. ഈ പ്രവർത്തനങ്ങളെക്കുറിച്ച് പ്രാർത്ഥിക്കുകയും സഹായിക്കുകയും ചെയ്യുക.

**2. ശാന്തി നിവാസ് പുനരധിവാസ കേന്ദ്രം:-**

12 പെൺകുട്ടികൾക്ക് വരെ താമസ സൗകര്യമുള്ള അവിടെ 7 പെൺകുട്ടികൾ താമസിച്ചു വരുന്നു. ഏതാനും മാസങ്ങൾക്കുള്ളിൽ 12 എന്ന അംഗസംഖ്യയിലേയ്ക്ക് ഉയർത്തുവാൻ ആഗ്രഹിക്കുന്നു. ഒരു പെൺകുട്ടിക്ക് ഏകദേശം ഒരു മാസം 15000/- രൂപ ചിലവ് പ്രതീക്ഷിക്കുന്നു. ഇവരെ ഓർത്ത് പ്രാർത്ഥിക്കുകയും സഹായിക്കുകയും ചെയ്യുക.

**3. ശാലോം പുനരധിവാസ കേന്ദ്രം, വാങ്കണി:-**

സാമുവേൽ വർഗ്ഗീസ് എന്ന സഭാംഗം നല്കിയിരിക്കുന്ന (വാടക) വീട് 7 പെൺകുട്ടികൾക്ക് താമസിക്കുന്ന വിധത്തിൽ പുനക്രമീകരിച്ചിട്ട് പുനരധിവാസ കേന്ദ്രം ആക്കുവാൻ ഉള്ള നിയമ നടപടികളും, ഫർണിഷിംഗ് പ്രവർത്തനങ്ങളും നടന്നുവരുന്നു.

**4. സ്വന്തമായി ഒരു മിഷൻ കേന്ദ്രം**

സ്വന്തമായി ഒരു മിഷൻ കേന്ദ്രം എന്നത് ഏറ്റവും വലിയ ഒരു ആവശ്യമാകുന്നു. അതിനു സ്വന്തമായി ഭൂമി വാങ്ങി അവിടെ സെന്റർ നിർമ്മിക്കപ്പെടണം. പുനരധിവാസ കേന്ദ്രം, മിഷൻ ഭവനം, റിട്രീറ്റ് സെന്റർ ഇത്രയും ഉൾപ്പെടുന്നതാണ് മിഷൻ സെന്റർ. ഈ വലിയ ഒരു സ്വപ്നം യാഥാർത്ഥ്യമായി തീരുവാൻ പ്രാർത്ഥിക്കുകയും സഹായിക്കുകയും ചെയ്യുക.

18-25 വയസ്സുവരെയുള്ള പെൺകുട്ടികളുടെ പുനരധിവാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ശാലോം മിഷൻ കഴിഞ്ഞ വർഷങ്ങളിൽ പ്രവർത്തിച്ചത് നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയും സഹായവും മൂലമാണ് എന്നതിനു ഒരു സംശയവുമില്ല. തുടർന്നും നിങ്ങളുടെ ഏവരുടേയും പ്രവർത്തനവും സഹായവും മിഷനുവേണ്ടി അഭ്യർത്ഥിച്ച് കൊള്ളുന്നു.

ദൈവം നിങ്ങളെ ഏവരേയും അനുഗ്രഹിക്കട്ടെ,

**റവ. സാം എൻ ജോഷ്വാ**
**ഡയറക്ടർ - മുംബൈ ഷാലോം മിഷൻ**
**00919819698284**





# യേശുവേ ഒരു വാക്ക് മതി.....

## പാട്ടിന്റെ വഴികൾ

RS Vijayaraj

മനംബരങ്ങളിൽ വിരിഞ്ഞ ആർദ്ര സ്നേഹത്തിന്റെ രാഗശ്രുതികൾ മീട്ടുമ്പോൾ ആർ എസ് വിജയരാജ് എന്ന ആർ.എസ്.വി ഒരിക്കലും വറ്റാത്ത സ്നേഹ സ്രോതസ്സുകളിലേക്കാണ് കേൾവിക്കാരെ നയിക്കുന്നത്. വിശ്വാസ ജീവിതം പകർന്നു നൽകിയ സങ്കടച്ചൂരിലുരിത്തിരിഞ്ഞ ജീവിത യാഥാർഥ്യങ്ങൾ ആത്മ സംവാദം നടത്തുന്ന വരികൾ.. അനാഥരോടും എല്ലാം നഷ്ടപ്പെട്ടവരോടും ഇനിയും മറ്റൊന്നും പ്രതീക്ഷിക്കാൻ വകയില്ലാത്തവരോടും ആത്മമണാളനായ ക്രിസ്തു എല്ലാറ്റിനും പരിഹാരമെന്നു ഓർപ്പിച്ചുണർത്തുന്ന നിരവധി ഗാനങ്ങളുടെ സൃഷ്ടാവാണ് ആർ.എസ്.വി.

നിഷ്കളങ്കമായ ദൈവീക സാന്നിദ്ധ്യത്തിലേയ്ക്ക് ഹൃദയത്തെ അടുപ്പിക്കുന്ന ക്രൈസ്തവഗാനങ്ങേൾക്കു പകരം മനസ്സിനെ മലിനപ്പെടുത്തുന്ന ഗാന വൈകൃതങ്ങൾ സാംക്രമിക ശക്തിയോടെ ആത്മീക വേദികളേപ്പോലും കീഴടക്കുന്ന ഈ കാലയളവിൽ ആശ്രയമറ്റവന്റെ അവസാന പിടിവള്ളി പോലെ ആർ.എസ്.വി യുടെ ഗാനങ്ങൾ തിളങ്ങി നില്ക്കുന്നു. വേദന കൊണ്ട് പിടയുന്നവർക്ക് ആശ്വാസം മാത്രമല്ല, ആത്മാവിൽ ആരാധിക്കുവാനും ദൈവീക വിടുതൽ പ്രാപിക്കുവാനും ഈ ഗാനങ്ങൾ സഹായകരമാണ്.

*"യേശുവേ ഒരു വാക്കു മതി*
*എൻ ജീവിതം മാറിടുവാൻ*
*നിന്റെ സന്നിധിയിൽ ഇപ്പോൾ ഞാൻ*
*നിന്റെ മൊഴികൾക്കോയ് വാഞ്ചിക്കുന്നേ"*

ഒരിക്കൽ കഠിനമായ നടുവേദനയാൽ ക്ലേശിച്ച് അംഗവൈകല്യം വരേ സംഭവിക്കാമെന്നു ഡോക്ടർമ്മാർ വിധിയെഴുതി. നട്ടെല്ലിൽ ഉള്ള രോഗം നിമിത്തം ഒരു രാത്രി മുഴുവനും ഭയത്താൽ ആകുലനായി ദൈവത്തിലാശ്രയിച്ച് പ്രാർത്ഥിച്ചപ്പോൾ ദൈവം ചില വരികൾ തന്നു. "യേശുവേ ഒരു വാക്കു മതി" നീ കല്പ്പിക്ക്; ഞാൻ സൗഖ്യമാകട്ടെ..... യേശുവിന്റെ വാക്കുകൾ ശാസ്ത്രത്തെ തോല്പ്പിക്കുന്നതാണ്. അദ്ദേഹം ആത്മാവിൽ ബലപ്പെട്ടു, അടുത്ത ദിവസം ഡോക്ടറെ കണ്ട് പരിശോധിച്ചപ്പോൾ "ഒരു കുഴപ്പവുമില്ല". ദൈവം കരം തൊട്ട് എന്നെ സൗഖ്യമാക്കിയെന്ന് എനിക്ക് ബോധ്യമായി. സൗഖ്യമായെന്ന ബോദ്ധ്യത്തോടെ എഴുതിയതാണ് ഈ ഗാനത്തിന്റെ വരികൾ.

ഒരിക്കൽ മകൾ കഠിനമായ രോഗാവസ്ഥയിലൂടെ കടന്നുപോയി. ഈ രോഗം നീങ്ങിപ്പോകുവാൻ ശാസിച്ച് പ്രാർത്ഥിക്കുവാൻ ദൈവത്മാവ് പ്രേരിപ്പിച്ചു. ദൈവം അത്ഭുതമായി കുഞ്ഞിനെ സൗഖ്യമാക്കി. അന്ന് രാത്രിയിൽ ദൈവം തന്ന വാക്കാണ് "ജയാളി" ഈ ലോകത്തിൽ ഞാൻ വന്നത് ഭാരങ്ങളിൽ കരയുവാനല്ല, തകരുവാനല്ല, ജയാളിയാകുവാനാണ്. തുടർന്ന് "സർവ്വ ശക്തനാണല്ലോ എന്റെ ദൈവം.... ഇല്ലില്ലാ അസാധ്യമായത് ഒന്നുമില്ല" എന്ന ഗാനം ദൈവം മനോഹരമായ ഒരു ഗാനത്തിലൂടെ തന്നു. "റാഫാ യഹോവ" നിന്നെ

ആത്മിയ സമൂഹം കണ്ണുനിരോടെ പാടി ദൈവസന്നിധിയിൽ അഭയം തേടുന്ന, ആത്മധൈര്യം പ്രാപിക്കുന്ന ഒരു ഗാനമാണ് "പരീക്ഷ എന്റെ ദൈവം അനുവദിച്ചാൽ... പരിഹാരം എനിക്കായ് കരുതീട്ടുണ്ട്.... എന്തിനെന്ന് ചോദിക്കില്ല ഞാൻ, എന്റെ നന്മയ്ക്കായെന്നറിയുന്നു ഞാൻ" അത്രമാത്രം വേദനയിലൂടെ കടന്നു പോകുന്ന അനുഭവങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞതാണ് മനോഹരമായ "എനിക്കായ് കരുതുന്നവൻ" എന്ന ഗാനം. നാഗ്പൂരിൽ താമസിച്ച് സംഗീത ശുശ്രൂഷകൾ ചെയ്യുന്ന ആദ്യകാലങ്ങളിൽ എഴുതിയ ഗാനങ്ങളെല്ലാം വിശ്വാസ ജീവിതത്തിന്റെ ശോധനയിൽ എഴുതിയ ഗാനങ്ങളാണ്. ദൈവം കരുതുന്നവൻ ആണ് തന്റെ മക്കൾക്ക് വേണ്ടി കരുതുന്ന ഒരു ദൈവം. നാം എന്തിനു സംശയിക്കണം. എരിതീയിൽ വീണാലും, ഞാൻ അവിടെ എകനല്ല, വീഴുന്നത് തീയിലല്ല യേശുവിന്റെ കരങ്ങളിലാണ്. ഇത് ഒരു ഭക്തന്റെ ഉറപ്പാണ്.

മൂത്ത മകൾ അക്സ ഒന്നാം ക്ലാസ്സിൽ പഠിക്കുമ്പോൾ ഫീസ് കൊടുക്കുവാൻ കഴിയാതെ വളരെ ഭാരപ്പെട്ടു. തിരുനെൽവേലിയിലെ ഡോണാവുരിലുള്ള മിഷനറിമാരുടെ മക്കൾക്കായുള്ള സ്കൂളിലാണ് മകൾ പഠിച്ചത്. ആ സമയത്ത് ഞങ്ങൾ വടക്കേ ഇന്ത്യയിൽ വിശ്വാസ ജീവിതം നയിക്കുകയായിരുന്നു. മൂന്നു മാസത്തെ ഫീസ് മുടങ്ങി. സ്കൂളിൽ നിന്നും കത്തു വന്നു. എന്തു ചെയ്യണമെന്നറിയാതെ ഭാരപ്പെട്ടു. ചിന്താകുലങ്ങൾ എല്ലാം കർത്താവിൽ ഇട്ടുകൊൾവാനും, കർത്താവു കരുതുന്നുണ്ട് എന്നും അവിടുന്നു സംസാരിച്ചു. കണ്ടിട്ടില്ലാത്ത ആളുകളിലൂടെയും കേട്ടിട്ടില്ലാത്ത വഴികളിലൂടെയും താൻ പ്രവർത്തിക്കുമെന്ന് ദൈവാത്മാവ് സംസാരിച്ചു. ആ ദിവസങ്ങളിൽ ലഭിച്ച ഉറപ്പാണ് യഹോവ യിരേ എന്ന ഗാനത്തിനു പിന്നിലെ വിശ്വാസ പ്രഖ്യാപനത്തിന്റെ ധൈര്യം. ചില ദിവസങ്ങൾ കഴിഞ്ഞപ്പോൾ സ്കൂളിൽ നിന്നും ഒരു കത്തു കൂടി വന്നു. മകളുടെ ഫീസ് അജ്ഞാതനായ ഒരാൾ തീർത്തു പോയെന്നും, ഒരു ചെറിയ തുക നീക്കിയിരുപ്പ് ബാക്കിയുണ്ടെന്നും കാണിച്ചായിരുന്നു കത്ത്.. സ്കൂളിൽ സന്ദർശനത്തിനു വന്ന ഒരു സുവിശേഷ സ്നേഹി ഫീസ് മുടങ്ങി കിടക്കുന്ന കുട്ടികളുടെ ലിസ്റ്റിൽ അക്സയെന്ന പേർ കണ്ടെത്തി അടച്ചതായ തുക ഞങ്ങളുടെ പ്രാർഥനയ്ക്കുള്ള മറുപടിയായിരുന്നു. "യഹോവ യിരേ" തന്റെ മക്കൾക്കായി കരുതുന്ന ഈ ദൈവത്തെ നാം എന്തിനു അവിശ്വസിക്കണം.

നാം ആരാധനകളിൽ ആലപിക്കുന്ന മനോഹരമായ ഗാനങ്ങളിൽ ഭൂരിഭാഗവും ഇദ്ദേഹത്തിന്റെ ഗാനങ്ങൾ ആണെന്നുള്ളത്, ദൈവം എത്ര മാത്രം ഇദ്ദേഹത്തെ തന്റെ ഒരു ഉപകരണമാക്കി ഉപയോഗിക്കുന്നു എന്നതിനു തെളിവാണ്. ആർ.എസ്.വി യുടെ തെരെഞ്ഞെടുത്ത മനോഹരങ്ങളായ ഗാനങ്ങളുടെ ഒരു ലിസ്റ്റ് താഴെ കൊടുക്കുന്നു.

***ഏഴു വിളക്കിൻ നടുവിൽ ..........***
***ഭയപ്പെടേണ്ട ഇനി ഭയപ്പെടേണ്ട ..........***
***യഹോവ യിരേ ..........***
***ഈ ലോകജീവിതത്തിൽ ..........***
***എനിക്കെന്റെ ആശ്രയം യേശുവത്രേ ........***
***മാറാത്തവൻ വാക്കു മാറാത്തവൻ ..........***
***എന്റെ ദൈവത്താൽ ..........***
***യേശുവേ ഒരു വാക്കു മതി ..........***
***എനിക്കായ് കരുതുന്നവൻ ..........***
***എഴുന്നേൽക്ക എഴുന്നേൽക്ക ..........***
***അസാദ്ധ്യമായ് എനിക്കൊന്നുമില്ല ..........***
***ആരാധ്യൻ യേശുപരാ ..........***
***എഴുന്നെള്ളെന്നേശു രാജാവായ് ..........***

# ബാലചന്ദ്രൻ ചുള്ളിക്കാട്

## മധുരമെൻ മലയാളം



ഒരു കാലഘട്ടത്തിലെ യുവമനസ്സുകളെ ഹരം പിടിപ്പിച്ച് കവിതകളെഴുതിയ ചങ്ങമ്പുഴ കൃഷ്ണപിള്ളയെപ്പോലെ തന്നെ യുവമാനസ ങ്ങളെ ലഹരി പിടിപ്പിച്ച കവിയാണ് ബാലചന്ദ്രൻ ചുള്ളിക്കാട്.

അനുഭവ തീഷ്ണതകൾക്കു കവിതയുടെ രൂക്ഷവാങ്മയം പകർന്നും വാക്കുകളുടെ ആന്തരസംഗീതം ഉണർത്തി കവിതയെ അസ്വസ്ഥാത്മാവിന്റെ ഏറ്റുപറച്ചിലും കുമ്പ സാരവുമാക്കി പാപമോചനം നേടിയും മലയാളകവിതയിൽ സവിശേഷവും മൗലിക മായൊരു കാവ്യകാലഘട്ടം സൃഷ്ടിച്ച കവി യായിരുന്നു ഇദ്ദേഹം.

വളരെക്കുറച്ച് മാത്രം എഴുതുകയും, എഴുതിയതിലൊക്കെ കവിത്വഭംഗിയുടെ ആളുന്ന പന്തം കുത്തിനിർത്തുകയും ചെയ്ത അനശ്വരകവി. ആധുനികതയോടെ ആഭിമു ഖ്യം പുലർത്തുമ്പോഴും പാരമ്പര്യത്തിന്റേയും താളവും ശ്രുതിയും പ്രത്യേകമായൊ രീണത്തിൽ കവിതകൾക്ക് സമ്മാനിച്ചു ഗദ്യത്തിലും പദ്യത്തിലും എഴുതിയതൊക്കെ ആസ്വാദകർക്ക് ആഘ്ലാതമാക്കി മാറ്റിയ അപൂർവ്വ എഴുത്തുകാരൻ.

നിഷേധത്തിന്റേയും ധിക്കാരത്തിന്റേയും ബലാല്ക്കാരമായ അതിർത്തി ലംഘനങ്ങ ളുടേയും സ്വരവും താളവുമാണ് ആ കാവ്യ ലോകത്തു നിന്നു മുഴങ്ങിക്കേട്ടത്. മലയാള കവിതയിൽ അദൃഷ്ടപൂർവ്വങ്ങളായ ബിംബാ വലിയും, കാവ്യഭാഷയും ഇദ്ദേഹത്തിന്റെ രചനാ സവിശേഷതകളായി ശ്രദ്ധിക്ക പ്പെടുന്നു. ആത്മഭാഷണത്തിന്റേയും, ആത്മാ പഗ്രഥനത്തിന്റേയും സ്വഭാവമുണ്ട് അദ്ദേഹ ത്തിന്റെ കവിതകൾക്ക്.

പ്രിയപ്പെട്ടവരേക്കുറിച്ചുള്ള ഓർമ്മകൾ സൃഷ്ടിക്കുന്ന ഉൾക്കിടിലം എന്നിവയെല്ലാം ഒരൊഴിയാബാധയായി കവിയിൽ കടന്നു കൂടിയിരിക്കുന്നു. ഇവയിൽ ഉരുത്തിരിയുന്ന ഭാവനകൾ പല കാവ്യങ്ങൾക്കും പ്രമേയ മായിത്തീരുന്നുമുണ്ട്. സഹോദരി, ഭാര്യ, പുത്രൻ, പിതാവ് എന്നിവർ കഥാപാ ത്രങ്ങളായി വരുന്ന കവിതകളാണ് താത വാക്യം, യാത്രപ്പാട്ട്, അമാവാസി, പിറക്കാത്ത കനോട്, തിരോധാനം, ഓർമ്മകളുടെ ഓണം, വെളിവ്. എന്നിരുന്നാലും പ്രണയം, മരണം, വിപ്ലവം എന്നിവയാണ് ഈ കവിത കളുടെയെല്ലാം മുഖ്യ പ്രമേയങ്ങൾ.

1980 ൽ എഴുതപ്പെട്ട 'മാപ്പുസാക്ഷി' എന്ന കവിത കുറ്റബോധത്തിന്റെ സ്വരമാണ് ഉയർന്ന് കേൾക്കുന്നത്. എന്നാൽ മൃത്യു ബോധം പ്രത്യക്ഷപ്പെടുന്ന കവിതകളാണ് ഏറെയും, 'എവിടെ ജോൺ', 'സ്റ്റോക് ഹോമിലെ ഹേമന്തം', 'ബാധ', 'താതവാക്യം', 'മാനസാന്തരം' എന്നിവയാണ് അതിൽ പ്രധാനപ്പെട്ടത്. അന്നത്തിലാകട്ടെ വിശപ്പ് എന്ന മഹാ സത്യത്തെക്കുറിച്ച് ഓർമ്മി പ്പിക്കുന്നു.

1990ൽ ഇന്ത്യയിലെ ഏറ്റവും മികച്ച യുവസാഹിത്യകാരനുള്ള 20000 രൂപയുടെ സംസ്കൃതി അവാർഡ് നിരസിക്കുകയും സാഹിത്യത്തിന്റെ പേരിൽ ഒരവാർഡും സ്വീകരിക്കയില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. 2000 ൽ പുറത്തിറങ്ങിയ ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകൾ 2001 ലെ കേരളസാഹിത്യ അക്കാദമി അവാർഡിനു അർഹമായെങ്കിലും അവാർഡ് സ്വീകരിച്ചില്ല.

പതിനെട്ടു കവിതകൾ, ഡ്രാക്കുള, ഗസൽ, പ്രതിനായകൻ, എന്നിവ ഇദ്ദേഹത്തിന്റെ രചനകൾ ആണ്.



# ദൈവവചനം എന്ന ആയുധം

## Kid's Corner

സണ്ടേസ്കൂളിൽ വരുമ്പോൾ ഒരു വേദപുസ്തക വാക്യം പഠിച്ചു കൊണ്ട് വരണം എന്നു എല്ലാ ആഴ്ചയിലും ടീച്ചർ ജസ്റ്റിനോട് പറയും, എന്നാലും ജസ്റ്റിൻ അത് കേട്ടഭാവം നടിക്കുകയില്ല. ഈ വചനം പഠിച്ചത് കൊണ്ട് എന്ത് പ്രയോജനമാ ടീച്ചറെ?? ഇതാണ് ജസ്റ്റിന്റെ മറുപടി. ടീച്ചർ ഒരു കഥ പറഞ്ഞു....

പണ്ടു പണ്ടു ഒരു രാജ്യത്ത് നല്ലവനായ ഒരു രാജാവുണ്ടായിരുന്നു. എല്ലാവർക്കും അദ്ദേഹത്തിന്റെ ഭരണത്തിൽ സന്തോഷ വാന്മാരായിരുന്നു. ഒരിക്കൽ അയൽ രാജ്യവുമായി അതിർത്തി തർക്കത്തെ തുടർന്ന് യുദ്ധത്തിൽ ഏർപ്പെടേണ്ടിവന്നു. യുദ്ധം വർഷങ്ങൾ നീണ്ടു നിന്നു. രാജ്യം വളരെ കഷ്ടതയിൽ ആയി. രാജാവ് യുദ്ധത്തിൽ തോൽക്കുമെന്നായപ്പോൾ സൈന്യത്തിൽ പരിശീലനത്തിനായി ചേർന്ന ഒരു യുവാവ് രാജാവിനോട് പറഞ്ഞു, "രാജ്യത്തിനു വേണ്ടി മുന്നിൽ നിന്നു യുദ്ധം ചെയ്യുവാൻ അടിയനെ അയച്ചാലും" അദ്ദേഹത്തിന്റെ മുന്നിലേക്ക് വന്നു രാജാവിനോട് ഇത് പറയുവാൻ ഉള്ള ആ ആത്മധൈര്യം രാജാവിനു ഇഷ്ടപ്പെട്ടു. എന്നാൽ അദ്ദേഹത്തിനു ആ പടയാളിക്ക് കൊടുക്കുവാൻ ഒരു വില്ല് മാത്രമേ തന്റെ കയ്യിൽ ഉണ്ടായിരുന്നുള്ളൂ. കിട്ടിയ വില്ലുമായി ആ പടയാളി യുവാവ് യുദ്ധ ക്കളത്തിലേക്ക് പുറപ്പെട്ടു. കുറേ ദിവസതെ യാത്രവേണം യുദ്ധഭൂമിയിൽ എത്തുവാൻ. അമ്പുകൾ ഇല്ലാതെ വെറും വില്ലുമായി യുദ്ധത്തിനു പോയാൽ മരണം ഉറപ്പ്. വളരെ ധൈര്യത്തോടെ ആ യുവാവ് അതിർത്തിയിലേക്ക് യാത്രതുടർന്നു.

യാത്രാ മദ്ധ്യേ, മുൻപ് സൈന്യത്തിൽ സൈന്യാധിപൻ ആയിരുന്ന ഒരു വൃദ്ധനെ കണ്ടു. തന്റെ ഇപ്പോഴത്തെ അവസ്ഥ ആ വൃദ്ധനോട് പറഞ്ഞപ്പോൾ വൃദ്ധൻ താൻ പല യുദ്ധങ്ങൾക്ക് ഉപയോഗിച്ചിട്ടുള്ള വിവിധതരം അമ്പുകൾ ആ യുവാവിനു നല്കി. എന്നിട്ട് ഇപ്രകാരം പറഞ്ഞു. "മകനെ, ഈ അമ്പുകൾ പഴയതാണ്. പക്ഷെ ഞാൻ അവയെ ദിവസവും തേച്ചു മിനുക്കി ഉപയോഗിക്കുന്നത് കൊണ്ട്

അതിന്റെ ഫലം വളരെ കൂടുതൽ ആണ്. നീ ഈ അമ്പുകൾ ഉപയോഗിച്ച് എത്രയധികം പരിശീലനം നേടുന്നുവോ അത്രയും വേഗത്തിൽ ശത്രുവിനെ കീഴ്പ്പെടുത്തി വിജയം നേടാനാകും. യുദ്ധഭൂമിയിലെത്തുന്നതിനു മുൻപ് തന്നെ കഠിനപരിശ്രമം കൊണ്ട് ആ യുവാവ് തന്റെ വില്ലിൽ നിന്നു അമ്പുകൾ എയ്യുവാൻ നന്നായി പഠിച്ചു. യുദ്ധക്കളത്തിലെത്തിയ യുവാവ് തന്റെ സൈന്യത്തോടൊപ്പം ചേർത്ത് ശത്രുസൈന്യത്തെ കീഴടക്കി. രാജ്യത്തിന്റെ വിജയത്തിനു നിർണ്ണായക പങ്കു വഹിച്ച് ആ പടയാളി യുവാവിനു രാജാവ് ധാരാളം പാരിതോഷികങ്ങൾ നല്കി.

ഈ കഥ വളരെ മനോഹരമായി അന്നത്തെ സണ്ടേസ്കൂളിൽ ടീച്ചർ കുഞ്ഞുങ്ങളെ പറഞ്ഞു കേൾപ്പിച്ചു. എന്നിട്ടു വളരെ സാവധാനത്തോട് ജസ്റ്റിനോടും, കുഞ്ഞുങ്ങളോടും ടീച്ചർ പറഞ്ഞു പടയാളിക്ക് അമ്പുകൾ വിജയത്തിനു ആവശ്യമായത് പോലെ ജീവിതവിജയത്തിനു വചനം ആവശ്യമാണ്. വചനം സ്വന്തമാക്കാത്തവരുടെ ജീവിതം ആയുധമില്ലാതെ യുദ്ധത്തിനു പോകുന്ന പടയാളിയുടേത് പോലെയാണ്. പാപത്തിനെതിരെ, തിന്മയ്ക്കെതിരെ പോരാടാൻ വചനമെന്ന ആയുധം എപ്പോഴും നമ്മുടെ കൂടെയുണ്ടായിരിക്കണം. വചനം ധ്യാനിക്കുമ്പോഴും ജീവിതത്തിൽ പ്രായോഗികമാക്കുമ്പോഴും വചനത്തിന്റെ ശക്തി കൂടിക്കൊണ്ടിരിക്കും. അപ്പോൾ നമ്മുടെ ജീവിതത്തിൽ സാത്താനു പ്രവേശിക്കുവാൻ കഴിയുകയില്ല. അതുകൊണ്ട് വേദപുസ്തകത്തിലെ വാക്യങ്ങൾ ഒക്കെ നാം പഠിക്കണം, പഠിച്ചാൽ പോരാ അതനുസരിച്ച് നാം ജീവിക്കുകയും വേണം. കുഞ്ഞുങ്ങൾ എല്ലാവരും ചിരിച്ചു, ജസ്റ്റിനും തലയാട്ടി. അവൻ പോകാൻ നേരം പറഞ്ഞു, ടീച്ചർ ഞാൻ ഇന്നു മുതൽ ഇനി എല്ലാ ദിവസവും വേദപുസ്തകത്തിലെ വാക്യങ്ങൾ പഠിക്കും...

കൂട്ടുകാരെ, നിങ്ങളും ഇങ്ങനെതന്നെയാണോ? നാം എല്ലാവരും ദൈവവചനം പഠിക്കണം, യേശു അപ്പച്ചന്റെ സ്നേഹം നമ്മളോട് എല്ലാവരോടും കൂടെ ഉണ്ട്. അതുകൊണ്ട് ഇനിയുള്ള ദിവസങ്ങൾ വചനത്തോട് ഒപ്പം ആയിരിക്കാം നമ്മുടെ യാത്ര. എല്ലാവരേയും ദൈവം അനുഗ്രഹിക്കട്ടെ.

## Solution Crossword - JULY / 2018


| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| S | H | E | K | E | L | | A | P | P | E | A | R | E | D |
| H | | X | | A | | B | | A | | N | | A | | O |
| E | P | H | E | S | I | A | N | S | | C | U | B | I | T |
| A | | O | | T | | K | | S | | H | | B | | I |
| R | A | R | E | | M | E | D | I | T | A | T | I | O | N |
| E | | T | | N | | R | | O | | N | | | | G |
| R | A | I | S | I | N | S | | N | A | T | H | A | N | |
| S | | N | | N | | | | | | E | | S | | P |
| | A | G | R | E | E | D | | T | O | R | C | H | E | S |
| T | | | | T | | R | | I | | S | | T | | A |
| A | T | O | N | E | M | E | N | T | S | | B | A | A | L |
| U | | M | | E | | A | | T | | A | | R | | T |
| G | L | E | A | N | | M | I | L | L | S | T | O | N | E |
| H | | G | | T | | E | | E | | I | | T | | R |
| T | E | A | C | H | E | R | S | | R | A | S | H | L | Y |

Across: 1 Shekel, 4 Appeared, 10 Ephesians, 11 Cubit, 12 Rare, 13 Meditation, 15 Raisins, 16 Nathan, 19 Agreed, 21 Torches, 23 Atonements, 25 Baal, 27 Glean, 28 Millstone, 29 Teachers, 30 Rashly.


Down: 1 Shearers, 2 Exhorting, 3 East, 5 Passion, 6 Enchanters, 7 Rabbi, 8 Doting, 9 Bakers, 14 Nineteenth, 17 Ashtaroth, 18 Psaltery, 20 Dreamer, 21 Tittle, 22 Taught, 24 Omega, 26 Asia.




# BIBLE ARROW WORD I



| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | Tiresome | | Fire / Bird | | Incorrect / Past | | Finish |
| | | | | | | | | | | | |
| | | | | | Announce / Beast of Revelation | | | | | | |
| | | | | | | | | | | | |
| | | | | | Gem / Unity | | | | Baker's dozen | | Attendants |
| | | | | | | | | | | Commotion | |
| Make a choice / (Picture) | | Number of plagues | | At the bottom | Visitor / Cease to exist | | Place of sleep | Head covering | | | |
| | | | | | | Woman at wedding / Septets | | | | | |
| Peak | | Sound / Bird | | | | | | Line | | | |
| | | | Thistle, for example | | | | | Clothing | | Eternal | |
| Magnitude / Plead | | | | | Centres of affection | | Hoofed mammal | | | | |
| | | | Female pronoun / Slant | | | | Rip | | | | |
| In contact with | Consumed / History | | | | | | Stops / Pots | | | | |
| | | | | Snakes / Hearing organ | | | | | Centre of solar system | | View |
| Wrath | | | | | | Donkeys | | | | | |
| Additonal things | | Roman language | | | | | | Employ | | | |
| | | | | | | Feel | | | | | |



# POOR.....
# Yet making many RICH....



## James Hudson Taylor (1832 - 1905)

Leah Elizabeth Alex

His father talked to him about many things and young Hudson always listened to him with interest. Now they had been speaking of China. New missionary ventures were being undertaken in different parts of the world. But nothing was planned for China. When Hudson , who was only 4 or 5 years old, heard this he said," when I am a man, I will be a missionary and go to China."

James Hudson Taylor (21 May 1832 – 3 June 1905; England) was a British Protestant Christian missionary to China and founder of the China Inland Mission. He was very delicate in health and so had to stay away from school after just two years of study until 14 and did home-schooling. Before he turned 4, he learnt the Hebrew alphabets. He was deeply moved by the missionary needs of the world.

At the age of 14, he read a tract called," It is finished". A deep conviction of sin came upon him and he accepted Christ as his Saviour.

One afternoon, a few months later, he took his bible and started praying about his future. He prayed" lord, I will not leave this room today until thou tellest me what thou wilt have me do". Then he felt as though the lord saying, "Go for me to China ". From that moment on, his mind was fixed on China.

He gathered knowledge about China .Eagerly he set himself to prepare in every way for his mission. He also longed for a deeper spiritual life and began to pray for the fullness of Holy Spirit. He made a covenant with God that "if God would only save me completely, then I would do anything in his cause he might direct".

With great difficulty, he mastered Luke's gospel in Chinese. He soon learnt Latin, Greek, theology and medicine and acquainted with various agencies working for Christ in different parts of the world.

At 19, he went to London to study medicine further. Young Hudson's faith was often tested .Here he passed through severe spiritual discipline along with great hardships and poverty, which in turn brought him closer to Christ. By living a life of self-denial, he gave away his two – thirds of his income to Christ His food was meagre and he couldn't even afford a bus fare. He was lean and frail and was by no means fit to be a missionary. He was almost

at the point of death but however, his faith held on and he soon recovered with stronger faith. As God's promise is" I can do all things through Christ which strengthens me" (Phil 4:13), he often uses weak people like Hudson Taylor so that all glory may go to him.

In 1853, Hudson sailed for China, the land of his call and vision, under the China Evangelization Society. Upon landing in Shanghai, things were not encouraging in China for a lonely youth like Hudson. Regardless of all circumstance, he was very eager to lead the Chinese to Christ. Even with his inadequate knowledge, he went out with the Gospels and tracts. As time passed, he picked up the language and became more fluent. He lived like the Chinese, aiming to reach the interior of China. He was rewarded for his favours, for he won his first few coverts. He undertook journeys to areas never visited, which were very dangerous because of a rebellion in China.

In spite of all persecutions, he still proclaimed of Christ to the Chinese that left the opponents more maddened that they dragged him to the government official. But in turn, the official was really understanding and compassionate that he accepted a copy of the New Testament from Hudson.

Future was dark before Taylor, who was often tempted to be discouraged in his work. His mission was complicated and funds weren't received regularly. In middle of all these, he wrote like this-"**My path has always been plain, just one step at a time. I must wait on God, and trust in him, and all will be well.**" He had set up a medical mission station in Tsunging and was reaching thousands of souls, when the British government stopped him and asked him not to to go to the interior. But he didn't give up his responsibility and neglected the protection given by the British against the Chinese for him.

Nearly 20 years later, the China Inland Mission (which was found by him) grew in strength to 225 missionaries and 59 churches with 1000s of believers. Amidst of these accomplishments, he lost his wife and 3 children. Thus, he had faced all of life's loses. He was determined to claim every city in China for Christ.

